File No.DRF-A4/368/2020-REV

11 3C/3
9/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രകൃതിക്ഷോഭം 2019 – ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ വീട്ടുകൾക്കുണ്ടായ ഭാഗിക നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

G.O.(Rt) No.3548/2020/RD തീയതി,തിരുവനന്തപുരം, 05/11/2020

---

പരാമർശം:- 1. സ.ഉ. (കൈ) നം. 25/2019/ഡി.എം.ഡി., തീയതി, 23.08.2019.

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 24.09.2020 തീയതിയിലെ DCALP/2644/2018-N1 നമ്പർ കത്ത്.

3. ആലപ്പുഴ ജില്ലാ കളക്ടറുടെ 28.09.2020 തീയതിയിലെ എൻ1-133/2019 നമ്പർ കത്ത്.

ഉത്തരവ്

2019 ആഗസ്റ്റിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, പാറവീഴ്ച, പാറ നിരങ്ങൽ, ഉരുൾപൊട്ടൽ, ഇടിമിന്നൽ, ശക്തമായ കാറ്റ്, മണ്ണൊലിപ്പ്, തീരശോഷണം എന്നീ അംഗീകൃത ദുരന്തങ്ങളിൽ കേടുപാട് പറ്റിയ വീടുകളുടെ നാശനഷ്ടത്തോത് 15% വരെ 4,800/- രൂപയും 16-29% വരെ സമതല പ്രദേശങ്ങളിൽ 31,500/- രൂപയും 30-59% വരെ 77,500/- രൂപയും 60-74% വരെ 1,79,000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2019-ലെ പ്രകൃതിക്ഷോഭത്തിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ വീട്ടുകൾക്കുണ്ടായ ഭാഗിക നാശനഷ്ടം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9,67,200/- രൂപ (6,10,700+3,56,500/-) അനുവദിച്ചു നൽകണമെന്ന് പരാമർശം (2), (3) കത്തുകൾ പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ , 2019-ലെ പ്രകൃതിക്ഷോഭത്തിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ വീട്ടുകൾക്കുണ്ടായ ഭാഗിക നാശനഷ്ടം പരിഹരിക്കുന്നതിനായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9,67,200/- രൂപ (ഒൻപതു ലക്ഷത്തി അറുപത്തേഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിച്ചു നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 9,67,200/- രൂപ (ഒൻപതു ലക്ഷത്തി അറുപത്തേഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതുമാണ്. തുക വിതരണം ചെയ്യുന്നതിന് മുൻപായി ഗുണഭോക്താക്കളിൽ ആർക്കെങ്കിലും ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക ലഭിച്ചിട്ടില്ലായെന്ന് ജില്ലാകളക്ടർ ഉറപ്പുവരുത്തേണ്ടതും അപ്രകാരം ആർക്കെങ്കിലും തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R SHEELA RANI
SPECIAL SECRETARY

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,

വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.

റവന്യൂ (ദുരന്ത നിവാരണ വകുപ്പ്/ഡി.ആർ.എഫ് എ/ഡി.ആർ.എഫ് ബി വകുപ്പുകൾക്ക്)

ഉത്തരവിൻ പ്രകാരം

Bindumol.K.N

സെക്ഷൻ ഓഫീസർ